2025 JULY
20
TO
26




HMYS HSS KOTTUVALLIKKAD email : hmyshss25056@gmail.com Sub Dt: North Paravur Volume - 8

# വിപ്ലവനക്ഷത്രം വി.എസ്. അച്യുതാനന്ദൻ അന്തരിച്ചു...



വിപ്ലവ നായകൻ വിടപറഞ്ഞു. മുൻ മുഖ്യമന്ത്രിയും സിപിഎം സ്ഥാപക നേതാവുമായ വിഎസ് അച്യുതാനന്ദൻ അന്തരിച്ചു. അമ്പലപ്പുഴ, മാരാരിക്കുളം, മലമ്പുഴ എന്നിവിടങ്ങളിൽ നിന്നായി എഴു തവണ എംഎൽഎ ആയും ഇതിൽ മൂന്നുതവണ പ്രതിപക്ഷ നേതാവായും 2006-2011കാലഘട്ടത്തിൽ കേരള മുഖ്യമന്ത്രിയായും വേലിക്കകത്ത് ശങ്കരൻ അച്യുതാനന്ദൻ അഥവാ വി.എസ്. അച്യുതാനന്ദൻപ്രവർത്തിച്ചിരുന്നു.

പുസ്തകത്താളുകളിലെ പ്രത്യയ ശാസ്ത്രത്തേക്കാൾ തീക്ഷ്ണമായ ജീവിതാനുഭവങ്ങൾ ആയിരുന്നു വിഎസിന്റെ മൂലധനം. മനുഷ്യാവകാശം, പ്രകൃതി സംരക്ഷണം തുടങ്ങി ജീവിതത്തെ ബാധിക്കുന്ന മേഖലകളിലേക്ക് ഒരു പോരാളിയെ പോലെ വി എസ് ഇറങ്ങിച്ചെന്നു.

അഴിമതി നീതി നിഷേധം കുത്തകവൽക്കരണം വർഗീയത സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഇവയൊക്കെ ചെറുക്കാനായി പോരാടിയ മഹത് വ്യക്തിത്വമായിരുന്നു വി എസ് . മലയാളിയുടെ ജീവിതത്തിലും സാമൂഹിക ചുറ്റുപാടിലും ഇതുപോലെ ഇടപെട്ട മറ്റൊരു നേതാവില്ല. രാഷ്ട്രീയ പ്രവർത്തനം ശരികൾക്ക് വേണ്ടിയുള്ള പോരാട്ടം ആക്കിയവരിലെ അവസാന കണ്ണികളിൽ ഒരാൾ, നികത്താനാവാത്ത വലിയ ശൂന്യത അവശേഷിപ്പിച്ചാണ്-വി.എസ്.യാത്രയാകുന്നത്.

## മഹത് വചനം

**ദിവസവും വായനയ്ക്കായി ഒരു മണിക്കൂർ മാറ്റിവയ്ക്കൂ, അത് നിങ്ങളെ അറിവിന്റെ കേന്ദ്രമാക്കി മാറ്റും**

*ഡോ. എപിജെ അബ്ദുൾ കലാം*



# ചാന്ദ്രദിനം ആഘോഷിച്ചു.
# വിസ്മയം നിറച്ച് ആവേശം വിതറി റോക്കറ്റ് നിർമ്മാണം





ചാന്ദ്രദിനാഘോഷങ്ങളുടെ ഭാഗമായി കുട്ടികൾ റോക്കറ്റ് നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നു


കൊട്ടുവള്ളിക്കാട് : മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ ഇറങ്ങിയ ദിവസത്തിൻ്റെ സ്മരണയ്ക്കായി നടത്തുന്ന ചാന്ദ്രദിനാഘോഷങ്ങളുടെ ഭാഗമായി യുപി വിഭാഗം കുട്ടികൾക്കായി നടത്തിയ റോക്കറ്റ് നിർമ്മാണം കുട്ടികളിൽ ആവേശം നിറച്ചു. റോക്കറ്റ് നിർമ്മാണത്തിനു പുറമേ ചാന്ദ്രദിന ക്വിസ് മത്സരം, ഡ്രോയിങ് കോമ്പറ്റീഷൻ, വീഡിയോ പ്രസന്റേഷൻ തുടങ്ങിയവയുംസംഘടിപ്പിച്ചു.





ചാന്ദ്രദിന ക്വിസ് മത്സരത്തിൽ നിന്ന്




വീഡിയോ പ്രസന്റേഷൻ




ഡ്രോയിങ് കോമ്പറ്റീഷൻ 1st ലക്ഷ്മി നക്ഷത്ര 8B




ഡ്രോയിങ് കോമ്പറ്റീഷൻ 2nd ശ്രേയ 8B




കാർഗിൽ യുദ്ധത്തിന്റെ വിജയകരമായ പരിസമാപ്തി ഓർമ്മിപ്പിക്കുന്നതിന് ജൂലൈ 26 ന് ഇന്ത്യയിൽ ഓപ്പറേഷൻ വിജയ്‌യുടെ പേരിലുള്ള കാർഗിൽ വിജയ് ദിവസ് ആഘോഷിക്കുന്നു. 1999 ജൂലൈ 26ന് പാകിസ്ഥാനെ തുരത്തി, ഇന്ത്യയുടെ നഷ്ടപ്പെട്ട ഉയർന്ന ഔട്ട്പോസ്റ്റുകളുടെ നിയന്ത്രണം വിജയകരമായി ഏറ്റെടുത്തു. 60 ദിവസത്തിലേറെയായി നടന്ന കാർഗിൽ യുദ്ധം- മുൻപ് കൈവശം ഉണ്ടായിരുന്ന എല്ലാ പ്രദേശങ്ങ ളുടെ യുംനിയന്ത്രണം ഇന്ത്യ തിരിച്ചുപിടിച്ചതിന് ശേഷമാണ് അവസാനിച്ചത്.




കാർഗിൽ സ്മാരകം

## പുതിയ പദങ്ങൾ പരിചയപ്പെടാം










## അറിയിപ്പുകൾ

ശനിയാഴ്ച നടത്താനിരുന്ന ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, ഐറ്റി – പ്രവൃത്തിപരിചയ മേളകൾ ബുധനാഴ്ച (30 / 7/2025) നടത്തുന്നതായിരിക്കും

വിദ്യാർത്ഥികൾക്കുള്ള വാക്സിനേഷൻ അടുത്ത ബുധനാഴ്ച നടത്തുന്നതായിരിക്കും.രക്ഷകർത്താക്കൾ നിർബന്ധമായും സമ്മതപത്രം കുട്ടികളുടെ കൈവശം കൊടുത്തയക്കേണ്ടതാണ്.

### ചാന്ദ്രദിന ക്വിസ് വിജയികൾ യുപി വിഭാഗം





1 നിഥുന ബിജോയ് 7B , 2അൽജോ ആൻറണി 7D, 3തേജസ്വിനി എം എസ്6 B


### സയൻസ് ക്വിസ് ഹൈസ്കൂൾ വിഭാഗം വിജയികൾ


1st നിവേദ്യ ബിജോയ് 9 D


2nd അലെസിയോ ആൻറണി 9 B


3rd ഹരികൃഷ്ണൻPS 9B

### റോക്കറ്റ് നിർമ്മാണ മത്സര വിജയികൾ


1st ദേവിക K R(6C)


2nd വൈഗ T V(6C)



3rd ശിവതീർത്ഥ(5C)




Maths Quiz Compatition

### Maths Quiz Compatition High School section winners






ക്വിസ് മത്സര വിജയികൾ : 1st ബാല K S (8 B), 2ndഗൗതംകൃഷ്ണ ES(8B) 3rdഎവ് ലിൻ മരിയ 9C

## കുട്ടികളുടെ കടമകൾ



കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാരും ബാലാവകാശ കമ്മീഷനും നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. അവകാശങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം കടമകളും നിർവഹിക്കാൻ കുട്ടികൾ ബാധ്യസ്ഥരാണ്. വിദ്യാർത്ഥികൾ എന്ന നിലയിൽ പ്രധാനകടമ പഠിക്കുകയും അറിവ് നേടുകയുമാണ്.

അധ്യാപകരെയും, മുതിർന്നവരെയും ആദരിക്കുകയും,ബഹുമാനിക്കുകയുംവേണം.

സമൂഹത്തിൽ എല്ലാവരോടും പ്രത്യേകിച്ച് പ്രയാസം നേരിടുന്നവരോടും ദുർബലരോടും ദയയും സഹാനുഭൂതിയുംപുലർത്തണം.

പ്രകൃതിയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും വേണം.

അച്ചടക്കം പൗരബോധം സാമൂഹിക നീതി സഹജീവിസ്നേഹം കുടുംബത്തോടുള്ള ഉത്തരവാദിത്വംഎന്നിവപാലിക്കുക.

ലഹരിയും അക്രമവാസനയും അകറ്റാൻ കഴിവ് സ്വായത്തമാക്കുക.

നമ്മുടെ സംസ്കാരത്തെ അറിയുകയും സംരക്ഷിക്കുകയുംവേണം.

പരിസ്ഥിതി ശുചിത്വം പാലിക്കുക, പൊതുമുതൽ സംരക്ഷിക്കുക.

സൈബർ സുരക്ഷയ്ക്ക് മുൻതൂക്കം നൽകി ഡിജിറ്റൽ യുഗത്തിലെ ചതിക്കുഴികൾ തിരിച്ചറിയണം.

സാമൂഹിക സേവന പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.

കുട്ടികൾ അവകാശങ്ങൾ ആസ്വദിക്കുകയും കടമകൾ നിർവ്വഹിക്കുകയും ചെയ്യുമ്പോൾ സ്വന്തം വിജയത്തോടൊപ്പം സാമൂഹിക പുരോഗതിയും കൈവരിക്കാൻ സാധിക്കുന്നു.